A9 - 2832 / 24

# കൊച്ചിൻ ദേവസ്വം ബോർഡ്

## ടെണ്ടർ പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ നിന്ന് എല്ലാവരും അറിയുന്നതിനായി.

കൊച്ചിൻ ദേവസ്വം ബോർഡിനു കീഴിലുള്ള ചോറ്റാനിക്കര ഭഗവതി ക്ഷേത്രം, എറണാകുളം ശിവക്ഷേത്രം, തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്രം, കൊടുങ്ങല്ലൂർ ശ്രീ കുരുംബ ഭഗവതി ക്ഷേത്രം, തിരുവഞ്ചിക്കുളം മഹാദേവക്ഷേത്രം എന്നിവിടങ്ങളിൽ **2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31** കൂടിയുള്ള കാലത്തേയ്ക്ക് വഴിപാടുകാർക്ക് വേണ്ടി കതിനവെടി നടത്തുന്നതിനായി വെടി **1**ക്ക് ഏറ്റവും കുറവ് സംഖ്യ രേഖപ്പെടുത്തിയും സുരക്ഷാക്രമീകരണങ്ങൾ, വെടിമരുന്ന്, കൂലിച്ചെലവ്, ഇൻഷൂറൻസ് അടക്കം മുഴുവൻ ചിലവും കരാറുകാരൻ വഹിക്കുന്നതിന് തയ്യാറാണെന്നുള്ളതിന് സീൽഡ് ടെണ്ടറുകളും, കൂടാതെ മുൻവർഷങ്ങളിലെപോലെ ചോറ്റാനിക്കര ഭഗവതി ക്ഷേത്രം. ശ്രീ കുരുംബ ഭഗവതിക്ഷേത്രം, തിരുവഞ്ചിക്കുളം മഹാദേവ ക്ഷേത്രം, എന്നിവിടങ്ങളിലെ വെടിവഴിപാട് അവകാശം വെടി 1 ക്ക് എന്ന രീതിയിലല്ലാതെ ഒരു വർഷത്തേക്ക് വെടിവഴിപാട് അവകാശം ഏറ്റെടുത്ത് നടത്തുന്നതിന് തയ്യാറുള്ളവരിൽനിന്നും വകുപ്പിന് നൽകുന്ന തുക രേഖപ്പെടുത്തിയും ടെണ്ടറുകൾ സമർപ്പിക്കാവുന്നതാണ്. മേൽപറഞ്ഞ ടെണ്ടറുകളിൽ വകുപ്പിന് ഗുണകരമായിട്ടുള്ള ടെണ്ടർ ഏതാണോ ആയത് സ്വീകരിക്കുന്നതാണ്.

ടെണ്ടറിൽ പങ്കെടുക്കുന്ന വ്യക്തിക്ക് / സ്ഥാപനത്തിന് LE 3 ലൈസൻസ് നിർബ്ബന്ധമായും ഉണ്ടായിരിക്കേണ്ടതും, ടെണ്ടറിനോടൊപ്പം ആയതിന്റെ പകർപ്പ് അടക്കം ചെയ്യേണ്ടതുമാണ്. LE 2 ലൈസൻസ് പ്രകാരം ക്ഷേത്രത്തിലേയ്ക്ക് ആവശ്യമായ അളവിൽ കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ വെടിമരുന്ന് വിതരണം ചെയ്യേണ്ടതുമാണ്. ടെണ്ടറിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യമായി ചോറ്റാനിക്കര ഭഗവതി ക്ഷേത്രത്തിൽ 50,000 ക.യും എറണാകുളം ശിവക്ഷേത്രത്തിൽ 25,000 ക.യും തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്രത്തിൽ 2,50,000 ക.യും, ശ്രീ കുരുംബ ഭഗവതി ക്ഷേത്രത്തിൽ 2,00,000 ക.യും, തിരുവഞ്ചിക്കുളം മഹാദേവ ക്ഷേത്രത്തിൽ 25,000 ക.യുടേയും ഡിമാന്റ് ഡ്രാഫ്റ്റ് (തൃശ്ശൂരിൽ മാറാവുന്നത്) **"ദേവസ്വം കമ്മീഷണർ, കൊച്ചിൻ ദേവസ്വം ബോർഡ്, തൃശ്ശൂർ"** എന്ന പേരിൽ എടുത്ത് ടെണ്ടറിനോടൊപ്പം അടക്കംചെയ്യേണ്ടതാണ്. ലഭിക്കുന്ന ടെണ്ടറുകൾ തുറന്ന് പരിശോധിച്ച് ബഹു. ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി ടെണ്ടർ ഉറപ്പിച്ചു നൽകുന്നതാണ്. ടെണ്ടറുകൾ വെട്ടിത്തിരുത്തലുകൾ കൂടാതെ കൃത്യമായി സംഖ്യ രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്. ടെണ്ടർ അടങ്ങിയ കവറിന്റെ മുകളിൽ

...2

**“2024 - 2025**...................................................................... **ക്ഷേത്രത്തിലെ വെടിവഴിപാട് ടെണ്ടർ”** എന്ന് എഴുതിയിരിക്കേണ്ടതുമാണ്. ടെണ്ടർ **2024 മാർച്ച് മാസം 21-ാം തിയ്യതി** ഉച്ചതിരിഞ്ഞ് 3 മണിക്ക് കൊച്ചിൻ ദേവസ്വം ബോർഡിന്റെ തൃശ്ശൂർ ഓഫീസിൽ വെച്ച് ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറന്നുപരിശോധിക്കുന്നതാണ്. ടെണ്ടറിന് ഒരു മണിക്കൂർ മുമ്പുവരെ നേരിട്ടോ, രജിസ്ട്രേഡ് തപാൽ മുഖേനയൊ ടെണ്ടറുകൾ കൊച്ചിൻ ദേവസ്വം ബോർഡ് തൃശ്ശൂർ ഓഫീസിൽ സ്വീകരിക്കുന്നതാണ്. ദേവസ്വത്തിന് ഗുണകരമായ ടെണ്ടർ ബഹു. ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി ഉറപ്പിക്കുന്നതാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WPC No. 6412/12 ഉത്തരവ് പ്രകാരം LE 2 ലൈസൻസ് അനുവദിക്കപ്പെട്ട സ്ഥലത്തിന് ദേവസ്വം ഓഫീസർ / ദേവസ്വം മാനേജർ ഇൻഷൂർ ചെയ്യേണ്ടതും, ക്ഷേത്രത്തിൽ ടെണ്ടർ കാലാവധിയിൽ ഉൾപ്പെടുന്ന കാലയളവിലുള്ള വെടികൾ മുഴുവൻ ടെണ്ടറുകാരന്റെ ചുമതലയിലും ഉത്തരവാദിത്വത്തിലും നടത്തേണ്ടതുമാണ്. എക്സ്പ്ലോസീവ് ആക്ട് അനുശാസിക്കുന്ന ലൈസൻസ്, 3rd Party Insurance Claim അടക്കം ലഭിക്കുന്നതിനുള്ള ഇൻഷൂറൻസ്, മറ്റു സുരക്ഷാനടപടികൾ ഇവയെല്ലാം ടെണ്ടറുകാരന്റെ ഉത്തരവാദിത്വത്തിൽ പരിപാലിക്കേണ്ടതും, അവയുടെ ലംഘനം നിമിത്തമോ, ടെണ്ടറുകാരന്റേയോ, ടിയാന്റെ കീഴിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടേയോ അശ്രദ്ധ നിമിത്തമോ, ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ബന്ധപ്പെട്ട ദേവസ്വത്തിനോ, കൊച്ചിൻ ദേവസ്വം ബോർഡിനോ യാതൊരുവിധ ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ലാത്തതും ആകുന്നു. ടെണ്ടറുകാരൻ വെടിവഴിപാട് പ്രവൃത്തി മുഴുവനായും സ്വന്തം ചിലവിൽ ഇൻഷൂർ ചെയ്ത് പോളിസിയുടെ പകർപ്പ് ദേവസ്വത്തിൽ 2024 ഏപ്രിൽ 1ന് ഹാജരാക്കേണ്ടതാണ്.

ടെണ്ടർ കൊണ്ട വ്യക്തി നിയമാനുസൃതമായ Income tax സംഖ്യ ദേവസ്വത്തിൽ അടയ്ക്കുവാൻ ബാദ്ധ്യസ്ഥനാണ്.

മേൽപറഞ്ഞ ക്ഷേത്രങ്ങളിൽ പതിവായി നടത്താറുള്ള ആചാരവെടികളും, വിശേഷാൽ ദിവസങ്ങളിലുള്ള ആചാരവെടികളും, അനുഭവം പറ്റാതേയും ആക്ഷേപങ്ങൾകൂടാതേയും ടെണ്ടറുകാരൻ സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും നടത്തേണ്ടതാകുന്നു. പതിവു വെടികളും വഴിപാടു വെടികളും നല്ല വെടിമരുന്ന് ഉപയോഗിച്ച് ആക്ഷേപങ്ങൾക്ക് ഇടനൽകാതെ നടത്തേണ്ടതാകുന്നു. ടെണ്ടറുകാരനോ, ടിയാന്റെ തൊഴിലാളികളോ ക്ഷേത്രാചാരങ്ങൾക്ക് വിരുദ്ധമായി പെരുമാറാൻ പാടില്ലാത്തതും, ക്ഷേത്രദർശനത്തിന് വരുന്ന ഭക്തന്മാരോട് മര്യാദയായും ആക്ഷേപങ്ങൾക്ക് ഇടനൽകാതേയും പെരുമാറേണ്ടതുമാകുന്നു.

വെടി 1ക്ക് എന്ന രീതിയിലല്ലാതെ 1 വർഷത്തേയ്ക്ക് വെടി വഴിപാട് ഏറ്റെടുക്കുന്നപക്ഷം ടെണ്ടർ അംഗീകരിച്ചുകഴിഞ്ഞാൽ 25% സംഖ്യ അഡ്വാൻസ് അടയ്ക്കേണ്ടതും ബാക്കി സംഖ്യ **2024 മെയ്, സെപ്റ്റംബർ, ഡിസംബർ** എന്നീ മാസങ്ങളിൽ 10-ാം തിയ്യതിക്കു മുൻപ് ദേവസ്വത്തിൽ അടച്ച് രശീതി വാങ്ങേണ്ടതും ഏതെങ്കിലും തവണ അടയ്ക്കാതെ വന്നാൽ ക്രമപ്രകാരം 20% പലിശ സഹിതം അടയ്ക്കേണ്ടതാകുന്നു. കുടിശ്ശിക വരുന്നപക്ഷംടെണ്ടർ ദുർബ്ബലപ്പെടുത്തി ഈ

അവകാശം ആദ്യ ടെണ്ടറുകാരന്റെ നഷ്ടോത്തരവാദിത്വത്തിന്മേൽ വീണ്ടും ടെണ്ടർ നടത്തുന്നതുമാകുന്നു. കൂടാതെ വഴിപാട് കതിനവെടി നടത്തുന്നതിനുള്ള അവകാശം പിരിവെടുക്കുന്നതിന് ഹിന്ദുക്കളല്ലാത്തവരെ അനുവദിക്കുന്നതല്ല. വഴിപാട് കതിന വെടി നടത്തുന്നതിനുള്ള അവകാശം ടെണ്ടർ കൊണ്ട ആൾ വഴിപാടുകാരിൽനിന്ന് വെടി 1ന് 15 രൂപ പ്രകാരം വസൂൽ ചെയ്ത് വഴിപാട് നടത്തേണ്ടതുമാണ്.

മേൽ നിശ്ചയങ്ങൾക്ക് വിരുദ്ധമായി ടെണ്ടറുകാരനോ ടിയാന്റെ തൊഴിലാളി കളോ ആക്ഷേപങ്ങൾക്ക് ഇടവരുത്തുകയോ, ദേവസ്വത്തിന് വരുമാനം നഷ്ടപ്പെ ടുത്തുന്ന രീതിയിൽ പ്രവർത്തിക്കുകയോ, മറ്റൊ ചെയ്താൽ ടെണ്ടർ ദുർബ്ബലപ്പെടു ത്തുന്നതിനും, ആവശ്യാനുസരണം പിഴ ഈടാക്കുന്നതിനും ദേവസ്വം ബോർഡിന് അധികാരം ഉണ്ടായിരിക്കും. ഇതിനുപുറമെ ടെണ്ടറുകാരൻ കെട്ടിവച്ചിട്ടുള്ള നിരതദ്രവ്യം പിഴയായി മുതൽക്കൂട്ടുന്നതിനും, ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ടെണ്ടർവയ്ക്കുന്നതിനും, മറ്റു യുക്തമെന്ന് തോന്നുന്ന നടപടികൾ സ്വീകരി ക്കുന്നതിനും ബോർഡിന് അധികാരം ഉണ്ടായിരിക്കും. വീണ്ടും ലേലം വയ്ക്കേണ്ടി വന്നാൽ, അതിൽ ലാഭമുണ്ടായാൽ ടിയാന് അവകാശമില്ലാത്തതും, നഷ്ടമുണ്ടാ യാൽ ടിയാനിൽ നിന്നും വസൂലാക്കി എടുക്കുന്നതിന് ദേവസ്വം ബോർഡിന് അവകാശമുണ്ടായിരിക്കുന്നതുമാണ്.

ടെണ്ടർ ലഭിച്ചയാൾ എക്സ്പ്ലോസീവ് സാമഗ്രികൾ, കൂലിച്ചെലവ്, വെടിമരുന്ന് ചിലവ് എന്നിവ സ്വന്തം ഉത്തരവാദിത്വത്തിൽ ചെയ്യുമെന്ന വിവരം നിയമാനുസൃതം മുദ്രപത്രത്തിൽ എഴുതി ഒപ്പിട്ട് തരേണ്ടതാണ്. ടെണ്ടറുകാരൻ കെട്ടി വെയ്ക്കുന്ന നിരതദ്രവ്യം ടെണ്ടർ കാലാവധിക്കുശേഷം യാതൊരു ബാദ്ധ്യതകളും ഇല്ലെന്ന് ഉറപ്പുവരുത്തിയ ശേഷം മടക്കി നൽകുന്നതായിരിക്കും. വെടിവഴിപാടിനുള്ള രശീതികൾ ദേവസ്വം കൗണ്ടർ വഴി (തൃപ്രയാർ രീതിയിൽ മാത്രം ഭക്തർക്ക് നൽകുന്നതാണ്.) ടെണ്ടറുകാരന് നൽകുന്ന വിഹിത സംഖ്യ തൊട്ടടുത്ത മാസം എക്കൗണ്ട് തയ്യാറാക്കി നൽകുന്നതാണ്. ടെണ്ടറുകാരന് വിഹിത സംഖ്യക്ക് Account Payee ചെക്ക് അതാത് ഗ്രൂപ്പ് അസിസ്റ്റന്റ് കമ്മീഷണർമാർ നൽകുന്നതാണ്. ഒരു വർഷത്തേക്ക് ടെണ്ടർ തുക രേഖപ്പെടുത്തി സമർപ്പിക്കുന്നവർക്ക് മേൽപറഞ്ഞ നിബന്ധന ബാധകമല്ല.

ഏതെങ്കിലും കാരണവശാൽ ടെണ്ടർ നടത്തുന്നതിന് ബുദ്ധിമുട്ടോ, മറ്റ് തടസ്സങ്ങളോ ഉണ്ടായാൽ ടെണ്ടർ നിർത്തിവെച്ച് ബഹുമാനപ്പെട്ട ബോർഡിന്റെ തീർപ്പിന് വിധേയമായി മേൽനടപടികൾ സ്വീകരിക്കുന്നതുമാകുന്നു.

ഈ ടെണ്ടറിനെപറ്റി കൂടുതലായി എന്തെങ്കിലും അറിയണമെന്ന് ആഗ്രഹിക്കുന്നവർ ബന്ധപ്പെട്ട ദേവസ്വം ഓഫീസ്സിലോ, കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസ്സിലോ പ്രവൃത്തിസമയങ്ങളിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ
കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസ്,

തൃശ്ശൂർ,
തിയ്യതി: **14-3-2024**